Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 11/2020** **22/07/2020**

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

**കോവിഡ്-19 രോഗം ബാധിച്ച് മരണമടയുന്ന വ്യക്തികളുടെ മൃതദേഹസംസ്കാരം സംബന്ധിച്ച് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നു.**

1. ഇടവകയിൽ കോവിഡ്-19 രോഗം മൂലം മരണം സംഭവിച്ചാൽ:

   a) പ്രദേശത്തുള്ള ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ് മെംബർ എന്നിവരെ അറിയിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുക.

   b) ആവശ്യമെങ്കിൽ, ഓരോ ജില്ലയിലും ഇക്കാര്യങ്ങൾക്കായി സർക്കാർ പ്രത്യേകം നിയമിച്ചിട്ടുള്ള ഓഫീസറെ ബന്ധപ്പെടുക.

   **എറണാകുളം : ശ്രീ. പി.എൻ. ശ്രീനിവാസൻ - 9400039777 / 9446451045**

   **ആലപ്പുഴ : ശ്രീ. സത്യജിത്ത് - 9847840051**

   **തൃശ്ശൂർ : ശ്രീ. രാജു - 9447635407**

   **കോട്ടയം : ശ്രീ. ശശികുമാർ - 9447832431**

   c) അതിരൂപതാതലത്തിൽ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ സിഞ്ചെല്ലൂസ് ബഹു. ജോയ് അയിനിയാടൻ അച്ചന്റേയും സഹൃദയ ഡയറക്ടർ ബഹു. ജോസഫ് കൊളുത്തുവള്ളി അച്ചന്റേയും നേതൃത്വത്തിൽ ഒരുക്കിയിട്ടുള്ള ഹെൽപ് ഡെസ്കുമായി ബന്ധപ്പെടുക. **ഹെൽപ് ലൈൻ നമ്പറുകൾ: റവ. ഫാ. ജോയ് അയിനിയാടൻ - 9605635943, റവ. ഫാ. ജോസഫ് കൊളുത്തുവള്ളിൽ - 9446688822, റവ. ഫാ. ജിനോ ഭരണികുളങ്ങര - 9562957727, ശ്രീ. പ്രവീൺ - 8075165696**

   d) വീട്ടിൽവച്ച് മരിക്കുന്ന വ്യക്തിക്ക് കോവിഡ് ആണെന്ന് വീട്ടുകാർക്കോ നാട്ടുകാർക്കോ സംശയമുണ്ടെങ്കിൽ വിവരം അടുത്തുള്ള ഹെൽത്ത് ഇൻസ്പെക്ടറെ അറിയിക്കണം. അവർ ആംബുലൻസ് അയച്ച്, മൃതദേഹം കൊണ്ടുപോയി, സ്രവം ടെസ്റ്റിനെടുത്ത്, പോസിറ്റീവാണെങ്കിൽ മൃതദേഹം കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം തയ്യാറാക്കി മറവു ചെയ്യാനായി വിട്ടു തരും. നെഗറ്റീവ് ആണെങ്കിൽ ഈ നടപടിയൊന്നും ആവശ്യമില്ല.

2. **സന്നദ്ധ പ്രവർത്തകർ:** ഓരോ ഇടവകയിലും 8 യുവാക്കളുടെ സന്നദ്ധ സംഘത്തെ രൂപീകരിക്കുക. അവർക്കാവശ്യമായ പരിശീലനം, PPE Kit, Gloves, Hand Sanitizer തുടങ്ങിയവയ്ക്ക് സഹൃദയ ഡയറക്ടറെ ബന്ധപ്പെടുക. ആവശ്യമെങ്കിൽ, സഹൃദയയുടെ നേതൃത്വത്തിലുള്ള വൈദികരും യുവജനങ്ങളും ഉൾക്കൊള്ളുന്ന 'സഹൃദയ സമരിറ്റൻ വൊളന്റിയേഴ്സ്'-ന്റെ സേവനം വികാരിയച്ചന്മാർക്ക് തേടാവുന്നതാണ്. PPE Kit ഉപയോഗിച്ച് കർമ്മങ്ങളിൽ പങ്കെടുക്കുന്നവർ Quarantine-ൽ പോകേണ്ടതില്ല.

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

3. **സെമിത്തേരി സൗകര്യം:** സർക്കാർ നിബന്ധനകൾ പ്രകാരം കുഴി തയ്യാറാക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്. സർക്കാർ നിബന്ധനകൾ പ്രകാരം മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം പള്ളി സെമിത്തേരിയിൽ ഇല്ലെങ്കിൽ ബദൽ സംവിധാനങ്ങളെപ്പറ്റി മുൻകൂട്ടി ഇടവകയിൽ ധാരണയിലെത്തേണ്ടതാണ്. ഡ്രസ് ചെയ്ത് മറവു ചെയ്യാനായി വിട്ടു തരുന്ന മൃതദേഹം പെട്ടിയിലാക്കി അടക്കുന്നതിന് തടസ്സമില്ല. സെമിത്തേരിയിലെ Vault-കളിൽ മൃതദേഹസംസ്കാരം അനുവദനീയമല്ല.

4. **Cremation:** സർക്കാർ നിബന്ധനകൾ പ്രകാരം മൃതദേഹം സെമിത്തേരിയിലോ, സെമിത്തേരിയോടു ചേർന്നുള്ള പ്രദേശത്തോ അടക്കം ചെയ്യുന്നതിനുള്ള സാധ്യതകൾ ഇല്ലെങ്കിൽ, മൃതദേഹം ദഹിപ്പിക്കുന്നതിനുവേണ്ടി പ്രദേശത്തുള്ള Crematorium സൗകര്യങ്ങൾ മുൻകൂട്ടി അറിഞ്ഞിരിക്കേണ്ടതാണ്.

5. **തിരുക്കർമ്മങ്ങൾ:** മൃതദേഹസംസ്കാര കർമ്മങ്ങൾ വീട്ടിലും ദേവാലയത്തിലും ഉണ്ടാകില്ല. മൃതദേഹം സെമിത്തേരിയിലേക്ക് നേരിട്ടുകൊണ്ടുവന്ന്, വൈദികന്റെ നേതൃത്വത്തിലുള്ള ലളിതമായ പ്രാർത്ഥനാശുശ്രൂഷയോടുകൂടിയാണ് സംസ്കാരം നടത്തേണ്ടത്.
   - വൈദികൻ, മാസ്ക് ധരിച്ച്, മൃതദേഹത്തിൽനിന്ന് 5 മീറ്റർ അകലം പാലിച്ചാണ് കർമ്മം നടത്തേണ്ടത്.
   - പി.പി.ഇ. കിറ്റ് ധരിച്ചാണ് വൈദികൻ കർമ്മങ്ങൾ നടത്തുന്നതെങ്കിൽ അകലം പാലിക്കേണ്ടതില്ല.

6. അനാരോഗ്യമോ, 65 വയസ്സിൽ കൂടുതൽ പ്രായമോ ഉള്ള വൈദികർ മൃതദേഹസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുവാൻ പാടില്ല. ഈ സാഹചര്യത്തിൽ സഹൃദയ സമരിറ്റൻ വൊളന്റിയേഴ്സിലെ വൈദികരുടെ സേവനം വികാരിയച്ചന്മാർക്ക് തേടാവുന്നതാണ്.

7. ബന്ധുമിത്രാദികൾ ഉൾപ്പെടെ 20 പേർക്കാണ് മൃതദേഹസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാവുന്നത്. നിഷ്കർഷിച്ചിരിക്കുന്ന അകലം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.
   - മരിച്ച വ്യക്തിയുമായി അടുത്തിടപഴകിയതുമൂലം Quarantine -ൽ പോകാൻ നിർദ്ദേശിക്കപ്പെട്ടവർ മൃതദേഹസംസ്കാര ശുശ്രൂഷയിൽ ഒരുകാരണവശാലും പങ്കെടുക്കരുത്.
   - രോഗവ്യാപന സാധ്യത കണക്കിലെടുത്ത് മരിച്ച വ്യക്തിയുടെ ഭവനത്തിൽ പ്രാർത്ഥനയ്ക്കും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനുമായി പോകുന്നത് ഒഴിവാക്കണം.

8. വികാരിയച്ചൻ, ഇക്കാര്യങ്ങളെല്ലാം ജനങ്ങളെ അറിയിച്ച്, പാരിഷ് കൗൺസിൽ അംഗങ്ങൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ എന്നിവരുടെ സഹകരണത്തോടെ ഇടവകയെ ഇക്കാര്യങ്ങളിൽ ഒരുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY

................................................

N.B.: ഈ സർക്കുലർ സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

## കോവിഡ്രോഗം മൂലം മരണമടഞ്ഞവർക്കുവേണ്ടിയുള്ള
## മൃതദേഹസംസ്കാരശുശ്രൂഷ

**പുരോ:** പിതാവിന്റെയും † പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**പുരോ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെ നാമം പൂജിതമാകണമേ, ...

**പുരോ:** കർത്താവേ, അങ്ങയെ ഞങ്ങളാരാധിക്കുകയും അങ്ങയുടെ കാരുണ്യത്തെ പുകഴ്ത്തുകയും മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങ് ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**പുരോ:** വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (5:24-29)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

എന്റെ വചനം കേൾക്കുകയും, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട് എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അവൻ വിധിക്കു വിധേയനാവുകയില്ല. മരണത്തിൽ നിന്ന് അവൻ ജീവനിലേക്കു പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും അതു കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം അടുത്തിരിക്കുന്നു; അല്ല, അതു വന്നുകഴിഞ്ഞു." എന്തുകൊണ്ടെന്നാൽ, ജീവന്റെ ഉറവിടമായ പിതാവ് തന്റെ പുത്രനെയും ജീവന്റെ ഉറവിടമാക്കിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ട് വിധികർത്താവാകാനുള്ള അധികാരവും അവനു കൊടുത്തിരിക്കുന്നു. നിങ്ങൾ ഇതിൽ വിസ്മയിക്കേണ്ട; എന്തുകൊണ്ടെന്നാൽ, കല്ലറയിലുള്ളവർ അവന്റെ ശബ്ദം കേൾക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനും തിന്മചെയ്തവർ വിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**പുരോ:** അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹായേ, അങ്ങയുടെ കല്പനയാൽ ഈ ലോകം വിട്ടു പുറപ്പെടുന്ന ഈ ആത്മാവിനെ നിത്യാനന്ദത്തിന്റെ തുറമുഖത്തു സുരക്ഷിതമായി എത്തിക്കുവാൻ അങ്ങയുടെ പരിശുദ്ധ ദൂതന്മാരെ നിയോഗിക്കണമെന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**പുരോ:** മരണം വരുമൊരുനാൾ ഓർക്കുക മർത്ത്യാ നീ
കൂടെപ്പോരും നിൻ ജീവിതചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ
(പുരോഹിതൻ മൃതശരീരത്തിൽ വിശുദ്ധജലം തളിക്കുന്നു)

**സമൂ:** മരണം വരുമൊരുനാൾ...

**പുരോ:** ചൊല്ലുക മർത്യാ, നീ എന്തിനു കരയുന്നു.
വ്യാകുല മാനസനായെന്തിനു നീറുന്നു
തിരമാലകളാൽ തിങ്ങിമറിഞ്ഞിളകും കടൽപോലെ.
(പുരോഹിതൻ മൃതശരീരത്തെ ധൂപിക്കുന്നു)

**സമൂ:** മരണം വരുമൊരുനാൾ...

**പുരോ:** ഭീകരമരണത്തിൻ കാലടികേൾപ്പൂ ഞാൻ
പാപമെനിക്കുള്ളിൽ പേടി വളർത്തുന്നു
സാത്താൻ നിറയും പകയൊടെ
സതതമലട്ടുന്നു.

**സമൂ:** മരണം വരുമൊരുനാൾ...

## *മുടിയണിയിക്കൽ*

(മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥന.
വൈദികൻ പി.പി.ഇ. കിറ്റ് ധരിക്കാത്തപക്ഷം പ്രാർത്ഥന മാത്രം ചൊല്ലിയാൽ മതി)

**ശുശ്രൂ:** ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. അതിനാൽ, നീതിയുടെ ന്യായാധിപനായ കർത്താവ് ഈ ദിവസം നീതിയുടെ മുടി എന്നെ അണിയിക്കുമാറാകട്ടെ.

**പുരോ:** വിശ്വസ്തരായ ഭൃത്യർക്കു വാഗ്ദാനം ചെയ്യപ്പെട്ട നിത്യാനന്ദത്തിലേക്കു ദൈവം നിന്നെ പ്രവേശിപ്പിക്കുമാറാകട്ടെ.

## *കുഴിവെഞ്ചിരിപ്പ്*

**പുരോ:** മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധന്മാർ വിശ്രമം കൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു. വിശുദ്ധ മാമ്മോദീസയാൽ മുദ്രിതവും പരിശുദ്ധ കുർബാനയാൽ പരിപുഷ്ടവും വിശുദ്ധ തൈലത്താൽ അഭിഷിക്തവുമായ ഈ ശരീരത്തിനു അങ്ങയുടെ ദിവ്യപുത്രന്റെ രണ്ടാമത്തെ ആഗമനംവരെ വിശ്രമം നൽകേണ്ട ഈ കബറിടം അങ്ങു പവിത്രീകരിക്കേണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**പുരോ:** മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേക്കുതന്നെ മടങ്ങും എന്ന് അരുളിച്ചെയ്ത സകലത്തിന്റെയും നാഥനായ ദൈവം നിന്നെ ഉയിർപ്പിന്റെ മഹത്വത്തോടുകൂടെ അവസാനദിവസം തന്റെ വലത്തുഭാഗത്തു നിറുത്തട്ടെ. നീ സ്വീകരിച്ച വിശുദ്ധ കൂദാശകൾ അത്യുന്നത ദൈവത്തിന്റെ ന്യായാസനത്തിങ്കൽ നിന്നെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**പുരോ:** മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേക്കുതന്നെ മടങ്ങുമെന്ന് ഓർത്തുകൊള്ളുക.
(പുരോഹിതൻ മൃതശരീരത്തിൽ കുന്തുരുക്കമിടുന്നു.
തുടർന്ന്, ശവമഞ്ചം കല്ലറയിലേക്ക് ഇറക്കുന്നു.)

### സമാപനപ്രാർത്ഥന

**പുരോ:** സകലത്തിന്റെയും നാഥനായ ദൈവം തന്റെ നീതിമാന്മാരോടും വിശുദ്ധരോടും കൂടെ ഉൽകൃഷ്ടമായ ഉയിർപ്പും മഹനീയമായ നിത്യജീവനും നൽകി സ്വർഗരാജ്യമാകുന്ന ഓർശ്ലേത്തേക്ക് ഈ സഹോദരനെ (സഹോദരിയെ) പ്രവേശിപ്പിക്കുമാറാകട്ടെ. നമ്മിൽ നിന്നു വേർപെട്ടുപോയ മിശിഹായുടെ മൗതികശരീരത്തിലെ ഈ അംഗത്തെ അനുഗമിക്കുകയും ഈ മൃതസംസ്കാരത്തിൽ സഹകരിച്ച് ഈ സഹോദരനെ (സഹോദരിയെ) ബഹുമാനിക്കുകയും ചെയ്ത നിങ്ങളെല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. അവിടുത്തെ കൃപ നിരന്തരം നിങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും † എപ്പോഴും † എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

* * * * *